പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 541 10.06.2014 ലെ മറുപടിയ്ക്ക്

ലോട്ടറി ക്ഷേമനിധിയുടെ പ്രവർത്തനം

| | ചോദ്യം<br><br>ശ്രീ. എസ്. ശർമ്മ | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറിക്ഷേമ നിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) | പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ലോട്ടറി ക്ഷേമനിധിയിൽ 2014 മാർച്ച് 31 വരെ 32773 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. വിവിധ പെൻഷനുകൾ ചികിത്സാധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ്, ഓണം അലവൻസ് മറ്റ് ക്ഷേമാനുകൂല്യങ്ങൾ എന്നിവയിലായി ആകെ 19.00 കോടി രൂപയുടെ ക്ഷേമാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് ടിക്കറ്റ് വിൽപനക്ക് മോപ്പഡ്, സൈക്കിൾ വികലാംഗ രായ അംഗങ്ങൾക്ക് അഡീഷണൽ വീലുകളോടുകൂടിയ സ്കൂട്ടർ എന്നിവ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പി ലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർ എത്രപേരാണ്; ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2014 മാർച്ച് 31 വരെ 14654 പേർ ഭാഗ്യക്കുറി ക്ഷേമനിധിയിൽ പുതുതായി അംഗത്വമെടുത്തിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യ ങ്ങളാണ് നല്കിവരുന്നത്.<br><br>1. സ്പെഷ്യൽ പെൻഷൻ.<br>2. സൂപ്പറാന്വേഷൻ പെൻഷൻ<br>3. കുടുംബ പെൻഷൻ |

| | | | |
|---|---|---|---|
| | | | 4. വിവാഹ ധനസഹായം<br>5. മരണാനന്തര ധനസഹായം.<br>6. പ്രസവാനുകൂല്യം.<br>7. ചികിത്സാ ധനസഹായം.<br>8. വിദ്യാഭ്യാസ അവാർഡ്.<br>9. ഓണം അലവൻസ്. |
| (സി) | ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് ? | (സി) | 2014 മാർച്ച് 31 വരെ ആകെ 32773 പേർ അംഗത്വമെടുത്തിട്ടുണ്ട്. നിലവിൽ 2271 അംഗങ്ങൾക്ക് പെൻഷനും 113 അംഗങ്ങളുടെ അനന്തരാവകാശികൾക്ക് കുടുംബ പെൻഷനും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.